# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4089

## 12.11.2019 - ലെ മറുപടിയ്ക്ക്

### ഓഫീസുകളിൽ താല്ക്കാലിക ജീവനക്കാരെ നിയമിക്കുന്ന രീതി

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ.കെ.എൻ.എ ഖാദർ | ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ ശുചീകരണം, സുരക്ഷ എന്നിവയ്ക്കായി അതത് വകുപ്പുകളുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി താല്ക്കാലിക ജീവനക്കാരെ നിയമിക്കുന്ന രീതി ധനവകുപ്പിന്റെ ഇടപെടലുകൾ മുഖേന അവസാനിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ഇല്ല |
| (ബി) | ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് ഈ ഉത്തരവ് പ്രാബല്യത്തിൽ വന്നതെന്ന് അറിയിക്കുമോ; | അത്തരം നിയമനങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ 05/10/2019 ലെ സർക്കുലർ 84/2019/ധന പ്രകാരം ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. 05/10/2019 ലാണ് ടി സർക്കുലർ പ്രാബല്യത്തിൽ വന്നത്. |
| (സി) | ഇപ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിക്കാൻ ഉണ്ടായ സാഹചര്യം വിശദമാക്കുമോ; | ശുചീകരണവും സുരക്ഷയുമായി ബന്ധപ്പെട്ട് കരാർ/ദിവസവേതന തൊഴിലാളികളെ നിയമിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും, സർക്കാർ അംഗീകൃത സ്ഥാപനങ്ങളും കുടുംബശ്രീ, കെക്സ്കോൺ തുടങ്ങിയവയുമായി വാർഷികാടിസ്ഥാനത്തിൽ സേവന കരാറിലേർപ്പെട്ട് ഇക്കാര്യം സത്വരമായി നടപ്പിലാക്കുന്നതിനുമാണ് ഇത്തരമൊരു നിർദ്ദേശം പുറപ്പെടുവിച്ചിരിക്കുന്നത് |
| (ഡി) | ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ് മെന്റ് എക്സ് ചേഞ്ച് വഴി നടത്തുന്ന നിയമനങ്ങളും തടസ്സപ്പെടുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | ഇല്ല |

Manju. C

സെക്ഷൻ ഓഫീസർ